CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സൈറൊ മലബാർസഭയുടെ ഭാവി

## അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാൎക്കു

## സമൎപ്പിക്കുന്ന വിനീത നിവേദനം.

A. M. D. G.



"എന്റെ കൎത്താവേ, എന്റെ ദൈവമേ!"

Eternal Father, we offer up to Thee Thy Divine Son Christ Our Lord.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

A. M. D. G.

# സൈറൊ മലബാർസഭയുടെ ഭാവി

**അഭിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാർക്ക**

**സമർപ്പിക്കുന്ന വിനീത നിവേദനം.**

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

By

Chev. Joseph Pettah, M. A. (Hons.)

Price: Ps. 75

1964

www.TheCMSIndia.org

(Malayalam)

CHRISTIAN MUSICOLOGICAL SOCIETY OF INDIA

**SYRO-MALABAR SABHAYUTE BHAVI**

By Chev. Joseph Pettah, M. A. (Hons.)

*First Published, October 1964.*

*Copies: 2000*

*Printed at*
THE UNION PRESS,
MARIAPURAM, TRICHUR-5.

*Price: Ps. 75.*

*Published by the Author.*

*Rights reserved.*

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# അവതാരിക

സൈറൊ മലബാർ റീത്തിന്റെ കൽദായീകരണത്തെ അധികരിച്ച് ശ്രീ. ജോസഫ് പെട്ട രചിച്ചിട്ടുള്ള നിവേദനരൂപത്തിലുള്ള ഗ്രന്ഥത്തിന് ഒരവതാരിക എഴുതണമെന്ന് ആവശ്യപ്പെട്ടപ്പോൾ അത് അഭിലഷണീയമാണോ എന്നു ഞാൻ ദീർഘമായി ചിന്തിച്ചു. മുന്നൂററിയമ്പതു കൊല്ലക്കാലത്തേയ്ക്കു തിരുസിംഹാസനത്തിന്റെ അംഗീകാരമുണ്ടായിരുന്ന തിരുക്കർമ്മങ്ങൾതന്നെ തുടരണമൊ, അതോ, അവയുടെ തനികൽദായ മൂലം സ്വീകരിക്കണമൊ എന്നുള്ളതാണു പ്രശ്നം. രണ്ടുതരം തിരുക്കർമ്മങ്ങൾക്കും ഇന്ന് അംഗീകാരമുള്ളതുകൊണ്ട് അവയിൽ ഒരുതരം കർമ്മങ്ങൾ താരതമ്യേന കൂടുതൽ ഭക്തിജനകമാണെന്നുള്ള അഭിപ്രായം ആത്മാർത്ഥമായി, വൈദിക മേലദ്ധ്യക്ഷന്മാരോടുള്ള ബഹുമാനങ്ങൾക്കു ഭംഗം കൂടാതെ രേഖപ്പെടുത്തുന്നതിൽ ഒട്ടുംതന്നെ അപാകതയില്ലെന്നു തോന്നിയതുകൊണ്ട് ഈ ഗ്രന്ഥത്തിന് ഒരവതാരിക എഴുതാമെന്നുതന്നെ തീരുമാനിച്ചു. ഒരു ബലുസിദ്ധാന്തമൊ ശിക്ഷയൊ അല്ല പ്രശ്നം; സഭയുടെ അംഗീകാരമുള്ള രണ്ടുതരം തിരുക്കർമ്മങ്ങളിൽ ഏതാണു കേരളസുറിയാനി ജനതയ്ക്കു കൂടുതൽ ഉപകാരപ്രദവും പ്രിയംകരവുമായിട്ടുള്ളത്, എന്നു മാത്രമാണ്.

സൈറൊ മലബാർ റീത്തിലെ പുതിയ പൊന്തിഫിക്കൽ, പുതിയ കുർബ്ബാന; തുടർന്നുണ്ടാകാൻപോകുന്ന കൽദായീകൃതമായ കൂദാശക്രമം, വി. കുർബ്ബാനയുടെ വാഴ്വ്, പരസ്യാരാധന, പ്രദക്ഷിണം, ലദീഞ്ഞ്, വലിയ ആഴ്ചക്രമം ആദിയായ തിരുക്കർമ്മങ്ങൾ കേരള കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്ക് എത്രമാത്രം ഉതകുമെന്നതാണു പ്രതിപാദ്യവിഷയം. റീത്തുസംബന്ധമായ പഠനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമാത്രമേ ഇതിൽ ശരിയായ ഒരഭിപ്രായം പറയുവാൻ കഴിവും അർഹതയുമുള്ളുവെന്നും തൽസംബന്ധമായ വിഷയങ്ങളിൽ അവഗാഹം പ്രാപിച്ചിട്ടില്ലാത്തവരുടെ അഭിപ്രായം തിരസ്കാര്യമാണെന്നുമാണ് ചില പണ്ഡിതന്മാരുടെ അഭി

www.TheCMSIndia.org

മതം. ഏതാണു റീത്ത്, എത്ര റീത്തുകൾ വ്യത്യസ്തങ്ങളായുണ്ട്, ഓരോ റീത്തിലെയും സ്വന്തമായ പ്രാർത്ഥനകളേവ, ഏതെല്ലാം കർമ്മങ്ങളും ആംഗ്യങ്ങളും ഇതരറീത്തുകളിൽനിന്ന് ഓരോ റീത്തിലേക്കും പ്രവേശിച്ചിട്ടുണ്ട്, എന്നൊക്കെ തീരുമാനിക്കാൻ റീത്തുസംബന്ധമായ ഗ്രന്ഥങ്ങളും വിവിധ ഭാഷകളിലുള്ള തിരുക്കർമ്മങ്ങളും വായിച്ചു പഠിച്ചിട്ടുള്ളവർക്കേ കഴിയുകയുള്ളൂ. എന്നാൽ, സൈറോ മലബാർ കുർബ്ബാനയും കൽദായീകരിച്ച കുർബ്ബാനയും കണ്ടശേഷം ഇവയിൽ ഏതാണു ഭൂരിപക്ഷംപേർക്കും കൂടുതൽ ആകർഷകവും ഭക്തിജനകവുമായിത്തോന്നുക, എന്നു നിർണ്ണയിക്കുവാൻ കേരളവൈദികരും അൽമായരുമാണ് ഭേദം; അല്ലാതെ ഇറാക്കിലെ പണ്ഡിതന്മാരോ, ലത്തീൻ റീത്തുപയോഗിക്കുന്ന ഡോക്ടർമാരോ, അല്ല. ആകയാൽ, കേരളവൈദികരുടെയും അൽമായരുടെയും അഭിരുചി ശരിയായി മനസ്സിലാക്കി, പഴയ കുർബ്ബാനയും പുതിയ കുർബ്ബാനയും തുലനംചെയ്ത് ഏതാണു കേരളത്തിന് ഇണങ്ങിയതും നല്ലതുമെന്നു തീരുമാനിക്കാൻ ശ്രീ. ജോസഫ് പെട്ട ചെയ്തിട്ടുള്ള ശ്രമം സമുചിതമാണെന്നും അതു നൂറു ശതമാനം വിജയിച്ചിട്ടുണ്ടെന്നും അഭിപ്രായപ്പെടുന്നതിൽ അവതാരകനു വളരെ സന്തോഷമുണ്ട്.

ആയാസമേറിയതും ക്ലേശകരവുമായ ഈ ജോലി വാർദ്ധക്യ വിശ്രമവേളയിൽ ഏറെറടുത്തു നടത്തിയതു് പ്രശസ്തി കൊതിച്ചിട്ടല്ല, കേരളസഭയുടെ ഉൽക്കർഷമുദ്ദേശിച്ചു മാത്രമാണ്. ഈ നിസ്വാർത്ഥസേവനത്തിനു കേരളം അദ്ദേഹത്തോടു കൃതജ്ഞമായിരിക്കേണ്ടതത്രേ.

സൈറോ മലബാർ റീത്തിനുള്ള ഭയങ്കരകുററം അതു ലത്തീൻമയമാണെന്നുള്ളതാണ്. എന്നാൽ, ഉത്തമമായതിനോടുചേർന്ന് അധമവസ്തുക്കൾ നന്നാകുന്നതിൽ തെററുണ്ടോ? കൽദായറീത്തിലെ തിരുക്കർമ്മങ്ങളും പ്രാർത്ഥനകളും ലത്തീൻ റീത്തിലെ തിരുക്കർമ്മങ്ങളേയും പ്രാർത്ഥനകളേയുമപേക്ഷിച്ചു കൂടുതൽ ഭക്തിജനകമാണോ, എന്നു കൽദായീകരണം നടത്തിയ ലത്തീൻ വൈദികരോടു ഞാൻ ചോദിക്കുകയാണ്. ആണെങ്കിൽ, അവരുടെ ആത്മാർത്ഥതയെ വെല്ലുവിളിക്കുന്ന ഒരേയൊരു ചോദ്യമേയുള്ളൂ. അവരെന്തുകൊണ്ടു് കൽദായറീത്ത് സ്വീകരിക്കുന്നില്ല? പുതിയ മാനസാന്തരങ്ങളെങ്കിലും ലോക

www.TheCMSIndia.org

ശുദ്ധീകരിക്കൽ' ന്യായീകരിക്കുന്നതിന്നുള്ള ശ്രമമാണ് ചില സ്ഥാനങ്ങളിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നതു്. പരിശുദ്ധ പിതാക്കന്മാർ ആരുംതന്നെ ഈ ദുർവ്യാഖ്യാനത്തിന്ന് ഉത്തരവാദികളല്ലല്ലൊ.

(3) 'പരിശുദ്ധ സിംഹാസനംതന്നെ ഇപ്പോഠം മുൻകൈ എടുത്താണ്' 'ഈ പരിഷ്കാരമ'ത്രയും സൈറൊ മലബാർ സഭയിൽ നടപ്പാക്കിയതെന്നുള്ള സങ്കല്പവാദത്തിന്നും അടിസ്ഥാനമുള്ളതായി കാണുന്നില്ല. അങ്ങനെ മുൻകൈ എടുക്കുന്നതിന്നുള്ള പ്രത്യേക സാഹചര്യമൊന്നും അടുത്തകാലത്തെങ്ങും ഉണ്ടായതായി കേട്ടിട്ടുമില്ല. നമ്മുടെ വൈദികരുടേയും വിശ്വാസികളുടേയും വികാരാഭിലാഷങ്ങളും അഭിപ്രായങ്ങളും അവയുടെ നിജസ്ഥിതിയിൽ ഗ്രഹിക്കുന്നതിന്നു സംഗതിവരാതെ, സാധാരണ ഗതിയിലുള്ള ഒരു (routine) അംഗീകാരം മാത്രമേ റോമാ സിംഹാസനം ഈ 'ശുദ്ധീകർമ്മ'പ്രസ്ഥാനത്തിന്നു നല്കിയിട്ടുള്ളൂ എന്ന് അനുമാനിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു. ഇക്കാര്യത്തിൽ പരിശുദ്ധ സിംഹാസനത്തെ ആരെല്ലാം—ഉത്തമവിശ്വാസത്തോടുകൂടിയാവാം—തെററിദ്ധരിപ്പിക്കുന്നതിന്ന് ഇടയായിട്ടുണ്ടൊ, അവരാണു് ഈ 'പിന്തിരിപ്പൻ പരിഷ്കാര'ത്തിന്റെ സാക്ഷാലുള്ള ഉത്തരവാദിത്വമശേഷവും വഹിക്കേണ്ടതു് എന്നു സവിനയം പറഞ്ഞുകൊള്ളട്ടെ. തിരുസിംഹാസനത്തെ മുന്നിൽ നിർത്തുന്നതുകൊണ്ടു് അവരുടെ ഉത്തരവാദിത്വം ഒഴിവാകുന്നതുമല്ലല്ലൊ.

(4) ആധുനികസാംസ്കാരികഗതികഠംക്കു് അശേഷം നിരക്കാത്ത ഈ 'പരിഷ്കാരം'—നഗ്നവും ദരിദ്രവും അവ്യവസ്ഥവുമായ പുരാതനകൽദായ റീത്തിലേയ്ക്കുള്ള ഈ തിരിച്ചടി—നമ്മുടെ റീത്തിനെ സമ്പന്നമാക്കിയിരിക്കുന്നു എന്ന അവകാശവാദം അത്യന്തം അഗ്രാഹ്യമായിരിക്കുന്നു. 'സമ്പന്നമാക്കൽ' വാദത്തിന്നു നിദാനമായി ചൂണ്ടിക്കാണിച്ചിരിക്കുന്ന 'പരിഷ്കാരങ്ങളിൽ' പലതും മാററത്തിന്നുവേണ്ടി മാത്രം വരുത്തിയിട്ടുള്ള ഉപരിപ്ലവപരിഷ്കാരങ്ങളാണ്; മററു പലതും നിരർത്ഥകങ്ങളൊ കേവലം നിസ്സാരങ്ങളൊ ആയ മാററങ്ങളാണ്; ഗുരുതര മാററങ്ങളാകട്ടെ, മിക്കവാറും എല്ലാംതന്നെ, നമ്മുടെ റീത്തിനെ 'സമുദ്ധരിച്ചു സമ്പന്നമാക്കുന്നതിനു'' പകരം അതിനെ അംഗച്ഛേദം ചെയ്തു വികൃതമാക്കുന്നവയുമാണ്. അങ്ങനെ,

www.TheCMSIndia.org

ആകെക്കൂടി ഈ "പരിഷ്കാരം" നമ്മുടെ സഭയ്ക്കും സമുദായത്തിന്നും നേരിട്ടിരിക്കുന്ന ഒരു വമ്പിച്ച വിപത്തുതന്നെയാണു്, സംശയമില്ല. അതു നമ്മുടെ ക്രിസ്തീയ വിശ്വാസം മന്ദീഭവിപ്പിക്കും; പള്ളിയിലെയും പരിസരങ്ങളിലെയും പെരുമാററം അനാചാരപരവും അച്ചടക്കരഹിതവുമാക്കിത്തീർക്കും; ദൈവശുശ്രൂഷികളായ പുരോഹിതവൃന്ദത്തോടുള്ള ബഹുമാനാദരവുകൾ ക്ഷതപ്പെടുത്തും; ദേവാലയത്തിലെ ആരാധനാവണക്കങ്ങൾ, നിർവ്വികാരവും ആന്തരികഭക്തിചൈതന്യമില്ലാത്തതുമായ, വെറും ബാഹ്യപ്രകടനങ്ങളാക്കിത്തീർക്കും. സർവ്വോപരി കഷ്ടം, അതു്, ക്രിസ്തീയാരാധനയുടെ മകുടവും മണിവിളക്കും കൂദാശപരമായ ജീവിതചര്യയുടെ അസ്ഥിവാരവും അവലംബവുമായ ദിവ്യബലിയുടേയും പരിശുദ്ധ പരമകാരുണ്യത്തിന്റെയും നേർക്കു നമുക്കുള്ള അതിരററ ഭക്ത്യാദരങ്ങളെ നിരുത്സാഹപ്പെടുത്തി ക്ഷീണിപ്പിച്ചു ശിഥിലീഭവിപ്പിക്കും. സംക്ഷേപിച്ചു പറഞ്ഞാൽ, വിദൂരവ്യാപകമായ ദുഷ്ഫലമുളവാക്കുന്ന ഈ 'പരിഷ്കാരം' നമ്മുടെ പ്രിയംകരമായ സൈറൊ മലബാർ റീത്തിനെ അതിന്റെ സവിശേഷതകളിൽനിന്നു് നിഷ്കരുണം വിച്ഛേദിച്ചു, അലംകോലപ്പെടുത്തി, നിർവീര്യമാക്കി, പൗരാണിക കൽദായ റീത്തിന്റെ ശൂന്യതയിലേയ്ക്കു തള്ളിവിടുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. *

---

* മററുചില അപകടങ്ങൾകൂടി ഇന്നത്തെ തനി കൽദായീകരണത്തിന്റെ പിന്നിൽ ഒളിഞ്ഞുകിടപ്പുണ്ടെന്നാണു പലരും ശങ്കിക്കുന്നതു്. സൈറൊ മലബാർ റീത്തിന്റെ സ്ഥാനത്തു് 1600-നു മുമ്പിലത്തെ കൽദായറീത്തു് പുനഃസ്ഥാപിതമായിക്കഴിഞ്ഞാൽ, അതിന്റെമേൽ തനിക്കുണ്ടായിരുന്ന അധികാരം പുനഃസ്ഥാപിച്ചു കിട്ടുന്നതിന്നു ബാബേൽ പാത്രിയക്കീസ് അവകാശവാദം പുറപ്പെടുവിക്കുമെന്നാണു് അവരുടെ ശങ്ക. ഫാ. ബ്രിട്ടൊ, സി. എം. ഐ. 1955-ൽ ബാബേലിലെ ഈടുവയ്പിൽനിന്നു് കേരളീയരുടെ പഴയ കത്തുകളുടെ ഫോട്ടൊ എടുത്ത അവസരത്തിൽ അടുത്തുനിന്നിരുന്ന പാത്രിയക്കീസ് നെടുവീർപ്പിട്ടുകൊണ്ടു പറഞ്ഞുവത്രെ: "ഈ രേഖകളുമായി റോമായിൽ അന്നു നിവേദനം നടത്തിയിരുന്നെങ്കിൽ തീർച്ചയായും മലബാറിനെ ബാബേൽ സിംഹാസനത്തിന്റെ അധികാരത്തിൽ കിട്ടുമായിരുന്നു", എന്നു്. അനുകൂല സാഹചര്യങ്ങൾ കൈവരുന്നപക്ഷം ഈ ഉദ്ദേശം നിവൃത്തിക്കുന്നതിന്നുവേണ്ടി ഒരു ശ്രമം അദ്ദേഹം നടത്താതെയിരിക്കയില്ല. റോമൻ തിരുസ്സംഘങ്ങളിലെ ഇന്നത്തെ അഭിപ്രായഗതിവച്ചു നോക്കുമ്പോൾ ഇത്തരമൊരു അധികാരമാററ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഈ അപകടാവസ്ഥയിൽനിന്നു് അതിനെ രക്ഷിക്കുന്നതിന്നു്, നമ്മുടെ പ്രിയപ്പെട്ട വൈദികമേലദ്ധ്യക്ഷന്മാൎക്കു മാത്രമേ സാധിക്കുകയുള്ളു. അവർ മുൻകൈയെടുത്തു പ്രവൎത്തിക്കുന്നപക്ഷം, നമുക്കു ഇനിയും പ്രത്യാശയ്ക്കു വഴിയുണ്ടു്. വൈദികൎക്കും വിശ്വാസികൾക്കും ഈ വിഷയം സംബന്ധിച്ചുള്ള അഭിപ്രായാഭിലാഷങ്ങൾ ആരാഞ്ഞറിയുന്നതിന്നു് അഭിവന്ദ്യ തിരുമേനിമാൎക്കു ഫലപ്രദമായ പല പോംവഴികളുമുണ്ടു്. അങ്ങനെ യഥാവിധി സമാഹരിച്ച സാമാന്യാഭിപ്രായത്തെ ആസ്പദമാക്കി, പൌരസ്ത്യതിരുസംഘത്തെയും പരിശുദ്ധ പിതാവിനേയും സമീപിച്ചു കാൎയ്യനിവൃത്തി വരുത്തുന്നതിന്നും തിരുമേനിമാൎക്കു എളുപ്പമുണ്ടല്ലൊ. ഏവംവിധം ഈ ദുൎഘടഘട്ടത്തിൽ മുൻനിന്നു പ്രവൎത്തിച്ചു മുക്തിനേടി, തദ്വാരാ സൈറൊ മലബാർ സഭയിലെ ലക്ഷോപലക്ഷം വിശ്വാസികളുടെ അഗാധവും നിൎവ്യാജവും പത്രനിൎവ്വിശേഷവുമായ കൃതജ്ഞത നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ കരസ്ഥമാക്കുകതന്നെ ചെയ്യുമെന്നു സവിനയം പ്രത്യാശിച്ചുകൊണ്ടും ദൈവമഹത്വത്തിന്റെ വൎദ്ധനവിന്നു് ഉതകുമാറു് ഈ റീത്തുപരിഷ്ക്കരണം രൂപംകൊള്ളുന്നതിന്നു പരമകാരുണികനായ ദിവ്യരക്ഷകനെ ഭക്തിപൂൎവ്വം ഉള്ളം നീറി പ്രാൎത്ഥിച്ചുകൊണ്ടും എല്ലാം തിരുസിംഹാസനത്തിന്റെ തീരുമാനത്തിന്നു യഥാവിധി സമൎപ്പിച്ചുകൊണ്ടും ഈ എളിയ നിവേദനം ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

---


ത്തിന്നു തല്ക്കാലം സാദ്ധ്യതയില്ലെന്നു സമാധാനിക്കാം. എന്നാൽ, നമ്മുടെ വന്ദ്യ സഹോദരങ്ങളിൽ ചിലരുടെ തീവ്രമായ കൽദായപ്രേമവും, കേരളത്തിൽ തനി കൽദായ റീത്തു സ്ഥാപിക്കുന്നതിന്നു് അവർ ചെയ്തുവരുന്ന ഊൎജ്ജസ്വലമായ പരിശ്രമങ്ങളും, പ്രാദേശികാടിസ്ഥാനത്തിലുള്ള ഭരണവികേന്ദ്രീകരണത്തിന്നു് ഇന്നു് പല സ്ഥാനങ്ങളിലും സിദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രചാരവുമെല്ലാം കണക്കിലെടുത്തു പൎയ്യാലോചിക്കുമ്പോൾ, ബാബേൽ പാർത്രിയർക്കീസിന്റെ അഭിലാഷം വെറുമൊരു ദിവാസ്വപ്നമല്ലെന്നും അധികകാലതാമസമെന്നിയെ അതു നിവ[illegible] സാദ്ധ്യതയില്ലേ എന്നുമാണു് പലരും ശങ്കിക്കുന്നതു്. [illegible] സംഭവിച്ചാൽ, കേരള സുറിയാനി കത്തോലിക്കരുടെ അനന്തരഗതി എന്തായിരിക്കുമെന്നു് ഊഹിക്കുകയേ വേണ്ടൂ. തനി കൽദായറീത്തു പുനഃസ്ഥാപനത്തിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തുവരുന്ന മാന്യ സഹോദരങ്ങളുടെ വിചിന്തനത്തിന്നു വിഷയീഭവിക്കേണ്ട ഒരു സംഗതിയാണിതു് എന്നു തോന്നുന്നു.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

*"Behold, I am with you all days"*

*"And I do not resist."*



*"Come to me, and I will refresh you."*

*Adoremus in aeternum Sanctissimun Sacramentum*

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS